## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *659 30.07.2015 ൽ മറുപടിക്ക്

### റെയിൽവെ മേഖലയിലെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.ടി.എ. റഹീം<br>,, വി.ചെന്താമരാക്ഷൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവെ മേഖലയിലെ വികസനത്തിനുള്ള ഏതെല്ലാം പദ്ധതികളിലാണ് കേന്ദ്രം സംസ്ഥാനത്തിന്റെ പങ്കാളിത്തവും സഹകരണവും ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സബർബൻ റയിൽ പദ്ധതി, ചേർത്തല വാഗൺ ഫാക്ടറി, അങ്കമാലി-ശബരി റെയിൽവേ ലൈൻ, എറണാകുളം-കുമ്പളം പാതയിരട്ടിപ്പിക്കൽ, കുമ്പളം-തുറവൂർ പാതഇരട്ടിപ്പിക്കൽ എന്നീ പദ്ധതികൾക്കാണ് കേന്ദ്രം സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തവും സഹകരണവും ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ റയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിൽ മൊത്തം ചെലവിന്റെ വിഹിതം സംസ്ഥാന സർക്കാർ ഇപ്പോൾ തന്നെ വഹിച്ചുവരുന്നു. കൂടാതെ രാജ്യത്ത് 01.04.2014 വരെ റയിൽവേ മന്ത്രാലയം അംഗീകാരം നൽകിയിട്ടുള്ള ഗേജ് മാറ്റം, പാതയിരട്ടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കാൻ തന്നെ മൊത്തം അധിക ബാദ്ധ്യത 1.82 ലക്ഷം കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നും പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം ഇതിനുള്ള ബാദ്ധ്യത വർദ്ധിപ്പിക്കുകയും അതിനാൽ ഈ പദ്ധതികൾ പൂർത്തിയാക്കാൻ |

| | | | |
|---|---|---|---|
| | | | ഏകദേശം 2.8 ലക്ഷം കോടി രൂപ അധികമായി വേണ്ടി വരുമെന്നും അതിനാൽ രാജ്യത്തെ റെയിൽവേ നെറ്റ്‌വർക്ക് വികസനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതുൾപ്പെടെയുള്ള വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന് പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള വിവിധ സാധ്യതകൾ ഇന്ത്യൻ റെയിൽവേ പരിശോധിക്കുന്നതാണെന്നും അതിനാൽ രാജ്യത്ത് റെയിൽ ശൃംഖല വികസിപ്പിക്കുന്നതിനുള്ള റെയിൽ മന്ത്രാലയത്തിന്റെ ഉദ്യമത്തിൽ കേരള സർക്കാർ പങ്കാളിയാകാനും സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ഫണ്ട് കണ്ടെത്തുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നത് സംബന്ധിച്ച് കേരള സർക്കാരിന്റെ സമ്മതം അറിയിക്കാനും കേന്ദ്ര റെയിൽവേ മന്ത്രാലയം അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ റെയിൽ പദ്ധതികളേ സംബന്ധിച്ച് S.P.V രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് സംസ്ഥാന പങ്കാളിത്തം ആവശ്യപ്പെട്ടതുകൊണ്ട് പ്രാവർത്തികമാക്കാൻ സാധിക്കാതെയുള്ളതെന്നു വ്യക്തമാക്കുമോ? | (ബി) | അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ അങ്കമാലി മുതൽ കാലടി വരെയുള്ള നിർമ്മാണ പ്രവർത്തികൾ മാത്രമേ ഇപ്പോൾ നടക്കുന്നുള്ളൂ.<br>അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം സംസ്ഥാന സർക്കാർ അംഗീകരിച്ചെങ്കിൽ മാത്രമേ അങ്കമാലിയ്ക്ക് ശേഷമുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | തുടർപ്രവർത്തികൾ സാദ്ധ്യമാവുകയുള്ളൂ.<br>എറണാകുളം-കുമ്പളം, കുമ്പളം-തുറവൂർ എന്നീ പാതയിരട്ടിപ്പിക്കൽ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തികളുടെ നിർമ്മാണ ചെലവിന്റെ 50%-വും ആവശ്യമായി വരുന്ന ഭൂമി സൗജന്യമായി ഏറ്റെടുത്തും നൽകണമെന്നും റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. ടി ആവശ്യം നടപ്പിൽ വരുത്താത്തതിനാൽ പ്രസ്തുത പാതഇരട്ടിപ്പിക്കൽ പ്രവർത്തികളും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ